2) ശ്രീ. കെ. ഉദയകുമാർ - വോളീബോൾ

3) ശ്രീമതി കെ.സി. ഏലമ്മ - വോളീബോൾ

പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

71(812) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പോലീസിന്റെ കൺമുന്നിൽവച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനോ കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനോ പോലീസ് ശ്രമിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് സേനയുടെ പ്രവർത്തനശൈലി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ഒറ്റപ്പെട്ട പരാതികൾ ഉണ്ടായിട്ടുള്ളതും ആയതിൽ കുറ്റക്കാരെന്നു കണ്ടവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, പരിശീലനം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും, പൊതുജനങ്ങൾക്ക് കൂടുതൽ സംരക്ഷണവും നീതിയും ഉറപ്പാക്കുന്നതിനും ആവശ്യമായ അനേക നടപടികൾ സ്വീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പോലീസ് സേനയിൽ സ്വീകരിച്ചിട്ടുള്ള പല പരിഷ്ക്കരണ നടപടികളുടെയും ഫലമായി സേനയുടെ ആത്മവീര്യം ഉയരുകയും പ്രവർത്തനശൈലി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.

സബ് ഇൻസ്പെക്ടർ പ്രൊമോഷനുള്ള കാലതാമസം

72(813) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സബ് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹതപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly